No. CEE/1947/PGSS/2016/TA3

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**പത്രക്കുറിപ്പ്**

# ബിരുദാനന്തര ബിരുദ മെഡിക്കൽ/സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ - 2016

# ഉത്തര സൂചികകൾ പ്രസിദ്ധീകരിച്ചു

2016 ജൂലൈ 9, 10 തീയതികളിൽ തിരുവനന്തപുരത്തുവച്ച് നടത്തിയ വിവിധ ബിരുദാനന്തര ബിരുദ മെഡിക്കൽ/സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളിലേക്കുള്ള പ്രവേശന പരിക്ഷകളുടെ ഉത്തരസൂചികകൾ ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. ഉത്തരസൂചികകൾ www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരസൂചിക സംബന്ധിച്ച് ആക്ഷേപമുള്ള പരീക്ഷാർത്ഥികൾ പരാതിയോടൊപ്പം അനുബന്ധ രേഖകളും, ആക്ഷേപമുന്നയിക്കുന്ന ഓരോ ചോദ്യത്തിനും **500 രൂപ** ഫീസ് എന്ന ക്രമത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റും സഹിതം **19.07.2016, ചൊവ്വാഴ്ച വൈകുന്നേരം 5 മണിയ്ക്ക് മുൻപ്** തപാൽ വഴിയോ നേരിട്ടോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്നതും, നിശ്ചിത ഫീസില്ലാതെ ലഭിക്കുന്നതും, e-mail, ഫാക്സ് എന്നിവ മുഖാന്തിരം ലഭിക്കുന്നതുമായ പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഉന്നയിച്ചിരിക്കുന്ന ആക്ഷേപം ശരിയാണെന്ന് ബോധ്യപ്പെട്ടാൽ അതിന് വേണ്ടി നൽകിയ തുക തിരികെ നൽകുന്നതാണ്.

തിരുവനന്തപുരം
14.07.2016

**പ്രവേശന പരീക്ഷാ കമ്മീഷണർ**